Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

ധനകാര്യവകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-സംഭാവനകൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ബാങ്കുകൾ/പേയ് മെന്റ് വാലറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പേയ് മെന്റ് ഗേറ്റ് വെ ആരംഭിച്ചത്- സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ (ആർ.ടി) നം.7809/2018/ധന തിരുവനന്തപുരം, തീയതി,18.09.2018

=====================================================================

പരാമർശം:- 10.08.2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന

## <u>ഉത്തരവ്</u>

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സമാനതകൾ ഇല്ലാത്ത ദുരന്തം ഉണ്ടായതിനെ തുടർന്ന് ദുരന്തബാധിതരെ സഹായിക്കുന്നതിനും നവകേരളം കെട്ടിപ്പടുക്കുന്നതിനുമായി പൊതുജനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന സ്വരൂപിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർത്ഥന പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത അഭ്യർത്ഥനയെത്തുടർന്ന്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും സംഭാവന നൽകുന്നതിന് ധാരാളം അന്വേഷണങ്ങൾ സർക്കാരിലേക്ക് ലഭിയ്ക്കുകയുണ്ടായി. ഇത്തരത്തിൽ വിപുലമായ തോതിൽ സംഭാവനകൾ സ്വീകരിക്കുന്നതിന് കൂടുതൽ സൗകര്യപ്രദമായ നൂതനസംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ താഴെപ്പറയുന്ന ബാങ്കിംഗ് സ്ഥാപനങ്ങളുമായി അക്കൗണ്ടും പേമെന്റ് ഗേറ്റ് വെയും ഉഭയസമ്മതപ്രകാരം ആരംഭിയ്ക്കുകയും, പേമെന്റ് ആപ്പ്, മൊബൈൽ വാലറ്റ് സംവിധാനം മുഖേന സംഭാവന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

| Sl No. | Banks |
|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ |
| 2 | ധനലക്ഷ്മി ബാങ്ക് |

| | |
|---|---|
| 3 | ഐ ടി ബി ഐ ബാങ്ക് |
| 4 | ഫെഡറൽ ബാങ്ക് |
| 5 | ആക്സിസ് ബാങ്ക് |
| 6 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 7 | സൗത്ത് ഇന്ത്യൻ ബാങ്ക് |
| 8 | കാത്തലിക് സിറിയൻ ബാങ്ക് |
| 9 | ഇന്ത്യൻ ഓവർസീസ് ബാങ്ക് |
| 10 | ആന്ധ്രാ ബാങ്ക് |
| 11 | ഐ സി ഐ സി ഐ ബാങ്ക് |
| 12 | യൂണിയൻ ബാങ്ക് |
| 13 | കാനറാ ബാങ്ക് |
| 14 | എച്ച് ഡി എഫ് സി ബാങ്ക് |
| 15 | റാസർ പേ |
| 16 | എയർ റ്റെൽ |
| 17 | പേ റ്റി എം |
| 18 | സൈ്രപ്പ് 1 |
| 19 | പേയു |

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും അനായാസം സംഭാവന നൽകുന്നതിലേക്ക് മേൽ സൂചിപ്പിച്ച വിവിധ ബാങ്കുകളുമായും പേയ് മെന്റ് ആപ്പ്, മൊബൈൽ വാലറ്റ് സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് നൂതനസംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**പി.ജയലക്ഷ്മി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. എല്ലാ ബാങ്കുകൾക്കും
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ